**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 963** **11-02-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം അനുഭവപ്പെടുന്ന സെറ്റിൽമെന്റിൽ നിന്നും മാറ്റിപാർപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യജീവി ആക്രമണം അനുഭവപ്പെടുന്ന സെറ്റിൽമെന്റിൽ നിന്നും കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;എങ്കിൽ ഇതിനകം എത്ര കുടുംബങ്ങളെ ഇപ്രകാരം മാറ്റി പാർപ്പിച്ചുവെന്ന് അറിയിക്കുമോ; | (എ) | ആവിഷ്കരിച്ചിട്ടുണ്ട്. വന്യജീവി ആക്രമണം അനുഭവപ്പെടുന്ന സെറ്റിൽമെന്റുകൾ അടക്കം വനത്തിനുള്ളിലെ മനുഷ്യവാസ മേഖലകളിൽ നിന്നും കുടുംബങ്ങളെ പുനഃരധിവസിപ്പിക്കുന്നതിന് വനം വകുപ്പിന്റെ നേതൃത്വത്തിൽ RKDP, KIIFB എന്നിവയുടെ സാമ്പത്തിക സഹായത്തോടെ നവകിരണം എന്ന സന്നദ്ധ പുനഃരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം 818 കുടുംബങ്ങൾ ഇതിനകം താമസം മാറ്റിയിട്ടുണ്ട്.<br><br>കൂടാതെ വയനാട് വന്യജീവി സങ്കേതത്തിനുള്ളിലെ 14 സെറ്റിൽമെന്റുകളിൽ നിന്നായി 643 കുടുംബങ്ങൾക്ക് അനുയോജ്യമായ മറ്റു സ്ഥലങ്ങളിലേക്ക് മാറി താമസിക്കുവാനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ "വയനാട് സന്നദ്ധ പുനഃരധിവാസ പദ്ധതി" നടപ്പിലാക്കി വരുന്നു. ഇതിൽ 445 അർഹതാ കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്യുകയും അതിൽ 333 കുടുംബങ്ങൾ ഇതിനകം സംരക്ഷിത മേഖലയിൽ നിന്നും മാറി താമസിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇനി എത്ര കുടുംബങ്ങളെ ഇത്തരത്തിൽ മാറ്റി പാർപ്പിക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | വയനാട് സന്നദ്ധ പുനഃരധിവാസ പദ്ധതി പ്രകാരം 183 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുവാനുണ്ട്.<br><br>ഇത് കൂടാതെ മനുഷ്യ-വന്യ ജീവി സംഘർഷം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് സ്വയം സന്നദ്ധരായി മാറി താമസിക്കുവാനുള്ള ഒരു പദ്ധതിയാണ് നവകിരണം പദ്ധതി. ഈ പദ്ധതിയിൽ സ്വയം സന്നദ്ധരായി താൽപര്യം പ്രകടിപ്പിച്ച് 4726 കുടുംബങ്ങൾ വിവിധ വന ഡിവിഷനുകളിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച അപേക്ഷകളിൽ പരിശോധന പൂർത്തീകരിച്ച് 818 കുടുംബ യൂണിറ്റുകൾക്ക് പാക്കേജ് തുക നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ